## കേരളസർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരഗ്രാമാസൂത്രണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിൽ അസി. ടൗൺ പ്ളാനറായിരിക്കവെ മരണപ്പെട്ട രാജൻ ടി യുടെ ഭവന നിർമ്മാണ വായ്പ കുടിശ്ശിക എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്

**സ:ഉ(സാധ)നം.** 1348/2016/**ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം** 29/03/2016 .

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 01/12/15 ലെ ബി3-10761/14 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറലിന്റെ 16/07/15 ലെ എൽ.എ 05/111/പി.ഡബ്ളിയു.ഡി 62966/508 നമ്പർ കത്ത്.

3. ധനകാര്യ വകുപ്പിന്റെ 17/08/1998 ലെ ജി.ഒ(പി) നം.1932/98/ഫിൻ.നമ്പർ ഉത്തരവ്.

### ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ അസി. ടൗൺ പ്ളാനറായിരിക്കവെ മരണപ്പെട്ട രാജൻ ടി യുടെ ഭവന നിർമ്മാണ വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം ഒന്ന് പ്രകാരം മുഖ്യനഗരാസൂത്രകൻ ആവശ്യപ്പെട്ടിരുന്നു. പരേതനായ രാജൻ ടി ക്ക് 124000/ രൂപ ഭവന നിർമ്മാണ വായ്പ അനുവദിച്ചിരുന്നതായും എന്നാൽ ടിയാൾ 16/11/13 ൽ മരണപ്പെട്ട സാഹചര്യത്തിൽ പലിശയുൾപ്പെടെ തിരിച്ചടയ്ക്കേണ്ട തുകയായ 1,96,925/-രൂപയിൽ 1,63,750/-രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കി തുകയായ 33,175/-രൂപ എഴുതി തള്ളിക്കൊണ്ടുള്ള ഉത്തരവാകണമെന്നും ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരഗ്രാമാസൂത്രണ വകുപ്പിൽ അസി. ടൗൺ പ്ലാനറായിരിക്കെ 16.11.2013 ൽ മരണമടഞ്ഞ രാജൻ.ടി.യുടെ ഭവന നിർമ്മാണ വായ്പയിൽ പലിശയിനത്തിലെ ബാദ്ധ്യതയായുള്ള 33,175/-രൂപ ഒഴിവാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**

**ബിനുകുമാർ.വി**
**അണ്ടർ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ